## തന്ന: ശുശ്രൂഷമാണാനാമർഹസ്യങ്ഗാനുവർണ്ണിതും
## യസ്യാവതാരോ ഭൂതാനാം ക്ഷേമായ ച ഭവായ ച (1–1–13)

ശൗനകനും മറ്റുമുനിമാരും സൂതനോടു പറഞ്ഞു:
അല്ലയോ പരമപൂജനീയനായസൂതാ, നാമിവിടെ നൈമിശികാരണ്യത്തിൽ ഒരു പുണ്യകർമ്മത്തിനായി എത്തിച്ചേർന്നിരിക്കുകയാണല്ലോ. ഇവിടെ കിട്ടുന്ന ഓരോനിമിഷവും ഭഗവൽകഥകൾ കേൾക്കുന്നതിനും ആത്മീയപുരോഗതിക്കും മനുഷ്യവർഗ്ഗത്തിൻെറ മുക്തിസാധനയ്ക്കുമായി നമുക്കു വിനിയോഗിക്കാം. ഈ കലിയുഗത്തിൽ മനുഷ്യജീവിതം തുലോം കുറഞ്ഞ കാലത്തേക്കുമാത്രമെങ്കിലും നാം ജീവിതകാലം മുഴുവനും സുഖഭോഗങ്ങളിലും അതിൽനിന്നുണ്ടാകുന്ന തീരാത്ത കഷ്ടപ്പാടുകളിലും മുഴുകിയിരിക്കുന്നു. സുഖഭോഗങ്ങളിൽ താല്പര്യമില്ലാത്തവർക്കുകൂടി പുരാണേതിഹാസങ്ങളാൽ നിയതമായ മുക്തിസാധനയിൽ ജീവിതം നയിക്കുവാൻവേണ്ട മന:സ്ഥൈര്യം ഇല്ലാതെ പോവുന്നു. ഈ പുരാണേതിഹാസങ്ങളാകട്ടെ അത്യന്തം വൈവിദ്ധ്യമാർന്നതും അനുശാസനങ്ങളിൽ വിരുദ്ധങ്ങളും പഠിക്കുവാൻ ക്ലേശകരവുമാണ്. ഇവയെല്ലാം വളരെക്കാലം പഠിക്കേണ്ടവയാണെങ്കിലും അങ്ങിനെ പഠിച്ചുണ്ടാക്കിയവയെ കാലംതന്നെ മറവിയിലൂടെ നശിപ്പിക്കുന്നതായും കാണുന്നു. ഈരീതിയിൽ അന്തമില്ലാതെ ചംക്രമണംചെയ്യുന്ന കാലചക്രത്തിൽ നിന്നുകൊണ്ട് ചിന്നിച്ചിതറിപ്പോയ വ്യക്തിത്വവും ജീവിതവും ഒരുമിച്ചുകൊണ്ടുപോകുവാൻ മനുഷ്യൻ വൃഥാ പരിശ്രമിക്കുന്നു.

പൂജനീയനായ സൂതാ, വേദപുരാണങ്ങൾ ഹൃദിസ്ഥമാക്കിയ ആളെന്നനിലയിൽ ഞങ്ങളെ സഹായിക്കുവാൻ ഏറ്റവും അനുയോജ്യനായ ആൾ അങ്ങുതന്നെ. ഏതൊരു വിജ്ഞാനമാണോ ഈ വേദപുരാണങ്ങൾ തരുന്നത്, ഏതൊരു വിജ്ഞാനമാണോ മനുഷ്യനെ ജനനമരണചക്രത്തിൻെറ പിടിയിൽനിന്നും മോചിപ്പിക്കുവാൻ പര്യാപ്തമായത്, ആയതിൻെറ പൊരുൾ ഞങ്ങൾക്കു പറഞ്ഞു തന്നാലും. സമഗ്രവ്യക്തിത്വബോധത്തിൻേറയും ജീവൻേറയും സമ്യക്കായ ഒത്തുചേരലുണ്ടാകുമ്പോൾ മാത്രമേ അജ്ഞാനാന്ധകാരവും തൽഫലമായ ദു:ഖവും നശിപ്പിക്കപ്പെടുകയുള്ളൂ. ഭഗവാൻ ഭൂമിയിൽ ജന്മമെടുക്കുന്നത് എല്ലാ ജീവ–നിർജീവജാലങ്ങളുടേയും ക്ഷേമത്തിനും രക്ഷയ്ക്കും വേണ്ടിയാണെന്ന് ഞങ്ങളറിയുന്നു. പ്രത്യേകിച്ചും ശ്രീകൃഷ്ണഭഗവാൻ വസുദേവരുടേയും ദേവകിയുടേയും പുത്രനായി പിറന്നത്. ദയവായി ഈകാര്യങ്ങൾ ഞങ്ങൾക്കു വിശദീകരിച്ചുതന്നാലും. അങ്ങനെ ഞങ്ങൾ ആ നാമവും മഹിമയും ഓർക്കുമാറാകട്ടെ. ആ ദിവ്യനാമം അറിയാതെയെങ്കിലും ഉച്ചരിക്കുന്നവരിൽനിന്നും സർവഭയങ്ങളും അകലുന്നു. കാരണം ഭയത്തിനുതന്നെയും അവിടുത്തെ ഭയമാണ്. ഭഗവൽനാമങ്ങളും അവതാരകഥകളും ലീലകളും ഞങ്ങൾക്ക് എത്രകേട്ടാലും മതിവരാത്തവയത്രെ. അതുകൊണ്ട് അവയെല്ലാം ഞങ്ങൾക്കു പറഞ്ഞുതന്നാലും. ഈ കഥകളെല്ലാം പല മുനിമാരിലൂടെ വരുംതലമുറകളിലേയ്ക്കും എത്തുന്നതാണ്. അവിടുത്തെ അപദാനങ്ങൾ കേൾക്കുന്നമാത്രയിൽത്തന്നെ ആ പാദാരവിന്ദങ്ങളിൽ പൂജിച്ചുകൊണ്ട് മനുഷ്യർക്ക് അവരുടെ പാപങ്ങളിൽനിന്നും മുക്തിയും നിർവ്വാണപദവും പ്രാപിക്കാം. ഭഗവൽപാദങ്ങൾ ഹൃത്തലത്തിൽ സൂക്ഷിച്ചുവച്ച ഋഷിവര്യന്മാർ പരമഭാഗ്യവാന്മാരത്രേ. അവരുമായി ഇടപഴകാൻ കഴിയുന്നവർക്ക് ഹൃദയം ക്ഷണേന ശുദ്ധീകരിക്കാനും ശാന്തിയും സമാധാനവും കൈവരിക്കുവാനും കഴിയുന്നു.

ഈ കലിയുഗത്തിൽ മന:ശുദ്ധിയും നൈർമ്മല്യവും നന്മതിന്മകളുടെ വൈരുദ്ധ്യശക്തികൾക്കിടയിൽപ്പെട്ടു ഞെരിയുമ്പോൾ മഹാമുനിമാരുടെ സാന്നിദ്ധ്യവും ഭഗവൽകഥാശ്രവണവും മാത്രമാണ് മനുഷ്യർക്കുള്ള ഒരേയൊരാശ്രയം. ഈ കഥകൾ മനുഷ്യമനസ്സിനെ പിടിച്ചുനിർത്തി ഹൃദയത്തെ നിർമ്മലമാക്കി പരിപാവനമായ ഭഗവൽപ്രേമം നിറയ്ക്കുകവഴി സമഗ്രവ്യക്തിത്വത്തിൻെറ പരിവർത്തനം പൂർണ്ണമാവുന്നു. അതുകൊണ്ട് അങ്ങയുടെ സാന്നിദ്ധ്യത്തിലൂടെ ലഭിച്ച ഭഗവദനുഗ്രഹത്തെ ഞങ്ങളേറ്റവും വിലമതിക്കുന്നു. ദയവായി അങ്ങ് കഥ ആരംഭിച്ചാലും.